ട്രോളിംഗ് നിരോധിച്ചിരുന്നു. കേരളത്തിന്റെ ആഴക്കടൽ ഭാഗത്തും ഈ കാലയളവിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിരുന്നു. ഈ കാലയളവിൽ നിയമം ലംഘിക്കുന്ന ബോട്ടുകൾ കണ്ടുകെട്ടുന്നതിന് ശക്തമായ പെട്രോളിംഗ് ഏർപ്പെടുത്തിയിരുന്നു. ഇതിനായി ഫിഷറീസ് വകുപ്പിന്റെ അത്യാധുനിക സൗകര്യങ്ങളുള്ള 5 ബോട്ടുകളെ കൂടാതെ വാടകക്കെടുത്ത ബോട്ടുകളും സജ്ജമാക്കിയിരുന്നു. പ്രധാനപ്പെട്ട എല്ലാ കേന്ദ്രങ്ങളിലും പ്രത്യേക പൊലീസ് കൺട്രോൾ റൂമുകൾ ആരംഭിക്കുകയും ഫിഷറീസ് വകുപ്പിന്റെ എല്ലാ തീരദേശ ജില്ലാ ഓഫീസുകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകളും തുറന്നു പ്രവർത്തിച്ചിരുന്നു. കൂടാതെ ട്രോളിംഗ് നിരോധനം കർശനമായി നടപ്പിലാക്കുന്നതിന് ജില്ലാ കളക്ടർ നോഡൽ ഓഫീസറായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുള്ള സംവിധാനങ്ങളും ചെയ്തിരുന്നു. ഈ വർഷവും ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ജി) ഈ നടപടികളുടെ ഫലമായി മത്സ്യ സമ്പത്ത് വർദ്ധിപ്പിച്ചതായും മത്സ്യോൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവ് അനുഭവപ്പെട്ടതായും കണക്കുകൾ സൂചിപ്പിക്കുന്നു. ട്രോളിംഗ് നിരോധനംമൂലം മൺസൂൺ സമയത്തുള്ള 'ചാകര'യുടെ പ്രയോജനം പൂർണ്ണമായും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ യന്ത്രവൽക്കൃത മത്സ്യത്തൊഴിലാളികളും തമ്മിലുള്ള സംഘർഷം ഈ നിയന്ത്രണത്താൽ ഒഴിവാക്കാൻ സാധിക്കുന്നു.

മത്സ്യബന്ധനത്തിനുപയോഗിക്കുന്ന ഉരുക്കളുടെയും മറ്റു വാർഷിക അറ്റകുറ്റപ്പണികൾ നടത്തുവാൻ ഈ നിയന്ത്രണം ഉപകരിക്കുന്നു.

(എച്ച്) ഉണ്ട്.

മത്സ്യങ്ങളുടെ പ്രധാന പ്രജനനകാലമായ മൺസൂൺ സമയത്ത് കടൽ മത്സ്യബന്ധനത്തിൽ കർശന നിയന്ത്രണം ഏർപ്പെടുത്തണമെന്നും ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ 90 ദിവസവും ട്രോളിംഗ് നിരോധനം നടപ്പാക്കണമെന്നും കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ആവശ്യപ്പെടുന്നു.

(ഐ) കടലിന്റെ അടിത്തട്ട് ഉഴുതു മറിക്കുന്ന സമ്പ്രദായമാണ് ട്രോളിംഗ്. മത്സ്യങ്ങളുടെ പ്രധാന പ്രജനനകാലമായ മൺസൂൺ സമയത്ത് ഈ ട്രോളിംഗ് മൂലം വംശനാശത്തിന് വഴി തെളിക്കുന്നുവെന്ന് വിവിധ പഠന റിപ്പോർട്ടുകൾ ചൂണ്ടിക്കാട്ടുന്നു. സംസ്ഥാനത്തിന്റെ മത്സ്യസമ്പത്തിന്റെ പരിരക്ഷക്കും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും ട്രോളിംഗ് നിരോധനം ആവശ്യമാണ് എന്നതാണ് സർക്കാർ നയം.

12 (1112) മത്സ്യത്തൊഴിലാളി ക്ഷേമനിധി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) മത്സ്യബന്ധനവും അതുമായി ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കുമായി ഒരു ക്ഷേമനിധി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ ക്ഷേമനിധി ഏതൊക്കെ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് പ്രയോജനപ്പെടുമെന്ന് പറയുമോ;

(സി) ഇതിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മത്സ്യ സംസ്കരണം, വിതരണം, വിൽപ്പന തുടങ്ങിയ രംഗങ്ങളിൽ പണിയെടുക്കുന്ന മത്സ്യബന്ധനേതര തൊഴിലാളികൾക്കുവേണ്ടി ക്ഷേമനിധി രൂപീകരിച്ചു ഉത്തരവായിട്ടുണ്ട്.

(ബി) 1. ബീച്ച് വർക്കർമാർ

2. ചെറുകിട മത്സ്യവിതരണക്കാർ

3. മത്സ്യം ഉണക്കുന്ന ജോലിയിൽ ഏർപ്പെടുന്നവർ.

4. പീലിംഗ് തൊഴിലാളികൾ

5. ചെറുപ്ലാന്റുകളിലെ പ്രോസസിംഗ് തൊഴിലാളികൾ

(സി) ഇതിനായുള്ള സ്കീം അംഗീകരിച്ചു ഗസറ്റ് വിജ്ഞാപനം ആകുന്ന മുറയ്ക്കു പ്രവർത്തനം ആരംഭിക്കുന്നതാണ്.

13 (1113) മത്സ്യത്തൊഴിലാളിക്ഷേമ പദ്ധതികൾ

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമത്തിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

(ബി) മത്സ്യസംസ്കരണ വിതരണമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) മത്സ്യസംസ്കരണം, വിതരണം, വിൽപ്പന മുതലായ രംഗങ്ങളിൽ പണിയെടുക്കുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾ ഉൾപ്പെടുന്ന മത്സ്യബന്ധനേതര തൊഴിലാളികൾക്കുവേണ്ടി ക്ഷേമനിധി രൂപീകരിക്കുകയും ടി തൊഴിലാളികളെക്കൂടി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്ടിന്റെ പരിധിയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly